(സി) ഓരോ ഗ്രാമപഞ്ചായത്തിലും ഒരു മാവേലി സ്റ്റോർ എന്ന സർക്കാർ പ്രഖ്യാപനം കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിൽ വരുത്തിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെടുമോ ;

(ഡി) മാവേലിസ്റ്റോർ നിലവിലില്ലാത്ത എല്ലാ ഗ്രാമപഞ്ചായത്തുകളിലും അവ ആരംഭിക്കുന്നതിന് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ&ബി) ഇപ്പോൾ മാവേലിസ്റ്റോറുകൾ നിലവിലില്ലാത്ത എല്ലാ പഞ്ചായത്തുകളിലും ഘട്ടംഘട്ടമായി അവ ആരംഭിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. മുട്ടാടി പഞ്ചായത്തിൽ മാവേലി സ്റ്റോർ ആരംഭിക്കുന്ന കാര്യം ഉടനെ പരിഗണനയിലില്ല.

(സി) മാവേലി സ്റ്റോറുകൾ നിലവിലില്ലാത്ത പഞ്ചായത്തുകളിൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഒന്നു വീതം സ്റ്റോറുകൾ ആരംഭിക്കുക എന്ന നയമനുസരിച്ച് കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ തുറയൂർ പഞ്ചായത്തിലെ തുറയൂരിൽ 9-1-2000 മുതൽ ഒരു മാവേലി സ്റ്റോർ തുറന്നു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ഡി) മാവേലിസ്റ്റോറുകൾ നിലവിലില്ലാത്ത എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഘട്ടംഘട്ടമായി അവ ആരംഭിക്കുവാനാണ് ഉദ്ദേശിച്ചുട്ടുള്ളത്.

പട്ടികജാതിക്കാർക്കായി അനുവദിക്കപ്പെട്ട റേഷൻ കട

128 (129) പ്രൊഫ: മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി 15-ാം വാർഡിൽ പട്ടികജാതിക്കാർക്കായി അനുവദിക്കപ്പെട്ട 4-ാം നമ്പർ റേഷൻകട പ്രസ്തുത ജാതിയിൽപ്പെട്ട യോഗ്യരായ ആളുകൾ ഇല്ലാത്തതിനാൽ, പൊതുവിഭാഗത്തിനായി നീക്കിവയ്ക്കുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിൻമേൽ എപ്പോൾ തീരുമാനം ഉണ്ടാകും എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) പൊതുവിഭാഗത്തിനായി മാറ്റുന്നതിലേയ്ക്കുവേണ്ടി അംഗീകാരം ചോദിച്ചുകൊണ്ടുള്ള തൃശ്ശൂർ ജില്ലാ സപ്ലൈ ഓഫീസറുടെ കത്ത് കിട്ടിയിട്ടുണ്ട്.

(ബി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

കുളമ്പു രോഗം

129 (131) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly